# ആറളം

കേരളത്തിലെ ഏറ്റവും വടക്കേ അറ്റത്തുള്ള വന്യജീവി സങ്കേതമാണ് ആറളം, കണ്ണൂർ ജില്ല യിലെ തലശ്ശേരി താലൂക്കിൽ സ്ഥിതിചെയ്യുന്ന ഈ സങ്കേതത്തിന് 55 ച.കി.മീറ്റർ വിസ്തീർണ്ണമുണ്ട്. 1984-ലാണ് ഇവിടം വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചത്. നിത്യഹരിത, അർദ്ധ നിത്യഹരിത വനങ്ങളാണ് ഏറിയഭാഗവും. ആന, കാട്ടുപോത്ത്, പുള്ളിപ്പുലി, പുള്ളിമാൻ തുടങ്ങിയ വന്യ മൃഗങ്ങൾ ഈ വന്യജീവി സങ്കേതത്തിൽ ധാരാളമുണ്ട്. കണ്ണൂരിൽ നിന്ന് 52 കി.മീറ്റർ ദൂരം ആറളത്തേയ്ക്ക് ഉണ്ട്. ആറളം വൈൽഡ്‌ലൈഫ് ഡിവിഷന്റെ ഭരണ നിയന്ത്രണത്തി ലാണ് ഈ സങ്കേതം.

| | | |
|---|---|---|
| വിസ്തീർണ്ണം | - | 55 ച.കി.മീറ്റർ |
| വർഷപാതം | - | 3800 -5050 മി.മീറ്റർ |
| ഊഷ്മാവ് | - | $8^0$-$40^0$C |
| സമുദ്രനിരപ്പിൽ നിന്നുമുള്ള ഉയരം | - | 60 - 1589 മീറ്റർ |
| സന്ദർശന കാലം | - | നവംബർ - ജനുവരി |



ഇക്കോടൂറിസം സൗകര്യങ്ങൾ ലഭ്യമാണ്. കുട്ടികൾക്ക് ഏഴ് രൂപയും മുതിർന്നവർക്ക് 15 രൂപയുമാണ് നിരക്ക്. സഹായിയുടെ സേവനം, വാഹനപാർക്കിങ്ങ്, ഫോട്ടോഗ്രാഫി എന്നീ കാര്യങ്ങൾക്കായി പ്രത്യേകം ഫീസ് ഒടുക്കണം.

ഒരേ സമയം നാല്പേർക്ക് താമസിക്കുന്നതിനായുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവും, ഗ്രൂപ്പായി വരുന്നവർക്ക് ഡോർമിറ്ററി സൗകര്യവും ഉണ്ട്.

*കൂടുതൽ വിവരങ്ങൾക്ക്*


വൈൽഡ് ലൈഫ് വാർഡൻ

വളയംചാൽ, ആറളം ഫാം പി.ഒ., കണ്ണൂർ ജില്ല - 670673

ഫോൺ: 0490-2413160

ഇ-മെയിൽ ro-aralam@forest.kerala.gov.in

വെബ്സൈറ്റ് - www.aralam.org





